(സി) കണ്ണൂരും, കോഴിക്കോട്, മലപ്പുറത്തും സ്ഥലം എടുത്തു കഴിഞ്ഞു. ആലപ്പുഴയിൽ സ്ഥലമെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. കോഴിക്കോട്, കണ്ണൂർ കേന്ദ്രങ്ങൾക്ക് വേണ്ടി കെട്ടിടം, റോഡ്, വൈദ്യുതി-ജലവിതരണം മുതലായവയ്ക്കുള്ള പണികൾ ദ്രുതഗതിയിൽ നട ന്നുവരുന്നു. മലപ്പുറത്ത് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) നാലു വ്യവസായ വളർച്ചാ കേന്ദ്രങ്ങളും പൂർത്തീകരിക്കപ്പെടു മ്പോൾ കുറഞ്ഞത് ഒരു ലക്ഷം പേർക്ക് പ്രത്യക്ഷമായും രണ്ടു ലക്ഷം പേർക്ക് പരോക്ഷമായും തൊഴിൽ നൽകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

5 (507) വ്യവസായ പാർക്കുകൾ

ശ്രീ. സി.പി. ബാലൻ വൈദ്യർ :
ശ്രീ. ടി.കെ. നൗഷാദ് :
ശ്രീ. സി.കെ. രാജേന്ദ്രൻ :
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവ സായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ നിയോജകമണ്ഡലങ്ങളിലും വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീക രിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതനുസരിച്ച് ഇതുവരെ ഏതെല്ലാം നിയോജകമണ്ഡലങ്ങളിൽ വ്യവസായ പാർക്കിന് ആവശ്യമായ സ്ഥലം ലഭിച്ചിട്ടുണ്ട്;

(സി) സ്ഥലം ലഭ്യമായ നിയോജകമണ്ഡലങ്ങളിൽ ഈ വർഷത്തിൽ തന്നെ വ്യവസായ പാർക്ക് ആരംഭിക്കുന്നതിന് നടപടി സ്വികരിക്കുമോ;

(ഡി) പ്രസ്തുത വ്യവസായ പാർക്കുകളിൽ ഏതു തരത്തിലുള്ള വ്യവ സായങ്ങളാണ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത്;

(ഇ) ഇത്തരം പാർക്കുകളിൽ പാരമ്പര്യ വ്യവസായങ്ങൾ ആരംഭിക്കുന്ന തിന് മുൻഗണന നൽകുമോ?

ഉത്തരം

(എ) ബഹു. ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ വ്യക്തമാ ക്കിയിട്ടുള്ള "ഒരു നിയോജകമഡലത്തിൽ ഒരു വ്യവസായ പാർക്ക്" എന്ന പദ്ധതി നടപ്പിലാക്കുന്നതിനുള്ള നോഡൽ ഏജൻസിയായി കേരള സിഡ്കോയെ ആണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത് അതിൻപ്രകാരം ഈ പദ്ധതിക്കാവശ്യമായ സ്ഥലം അതതു നിയമസഭാ മണ്ഡലങ്ങളിൽ കണ്ടെ ത്തുന്നതിന് സിഡ്കോയ്ക്കു വേണ്ട സഹായസഹകരണങ്ങളും മാർഗ്ഗനിർദ്ദേ ശങ്ങളും നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ബഹു. വ്യവസായ വകുപ്പു മന്ത്രി എല്ലാ നിയമസഭാംഗങ്ങൾക്കും 29/6/98-ലും 5/4/99-ലും കത്തെഴുതുക യുണ്ടായി. അതുകൂടാതെ സിഡ്കോയിൽ നിന്ന് നിയമസഭാംഗങ്ങളേയും, വിവിധ ജില്ലാ/ബ്ലോക്ക്/ഗ്രാമ പഞ്ചായത്തു പ്രസിഡന്റ്/സെക്രട്ടറിമാരേയും നേരിട്ടും കത്തു മുഖേനയും ബന്ധപ്പെട്ട് ഈ പദ്ധതിയുടെ വിശദാംശങ്ങൾ വിവരിച്ചു നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായ പർക്ക് തുടങ്ങുന്നതിനനുയോജ്യമായ സ്ഥലം കണ്ടെത്തി ത്തരണമെന്നുള്ള മേൽ അഭ്യർത്ഥനപ്രകാരം വിവിധ സ്ഥലങ്ങളിൽ രണ്ടേക്കർ മുതൽ പതിനഞ്ചേക്കർ വരെ ഭൂമി നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. ഇതിൽ, സൗജന്യ മായി ലഭിക്കുന്നതും, കളക്ടർ നിർണ്ണയിക്കുന്ന വിലയ്ക്ക് സ്വകാര്യ വ്യക്തിക ളിൽ നിന്നും വാങ്ങേണ്ട ഭൂമിയും, സർക്കാർ പുറമ്പോക്കും, സിഡ്കോയുടെ അധീനതയിലുള്ള സ്ഥലവും ഉൾപ്പെടുന്നു. ഒരു വ്യവസായ പാർക്ക് തുടങ്ങു ന്നതിനായി കുറഞ്ഞത് അഞ്ചേക്കർ ഭൂമി ആവശ്യമുണ്ട്. ഇപ്പോൾ 33 നിയോജ കമണ്ഡലങ്ങളിൽ സ്ഥലനിർണ്ണയം നടത്തിയിട്ടുണ്ട്. അതിൽ 9 മണ്ഡലങ്ങ ളിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിനായി ഭൂമി സിഡ്കോയ്ക്കു കൈമാറിയി ട്ടുണ്ട്. ഇവയിൽപ്പെട്ട ആദ്യത്തെ വ്യവസായ പാർക്കിന്റെ ഉദ്ഘാടനം ബഹു. വ്യവസായ മന്ത്രി കഴക്കൂട്ടം നിയോജകമണ്ഡലത്തിലെ മൺവിളയിൽ 27/5/1999-ന് നടത്തി. അതോടൊപ്പം നാല് വ്യവസായ സംരംഭകർക്ക് ഈ പാർക്കിൽ വ്യവസായത്തിനാവശ്യമായ സ്ഥലവും അനുവദിച്ചു കഴിഞ്ഞു. അവശേഷിക്കുന്ന സ്ഥലങ്ങളിൽ വ്യവസായ പാർക്ക് തുടങ്ങുന്നതിനുള്ള പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു.

പട്ടാമ്പി, തൃശ്ശൂർ, അങ്കമാലി, മാരാരിക്കുളം, അമ്പലപ്പുഴ, കോട്ടയം, തിരുവല്ല, ചാത്തന്നൂർ, കഴക്കൂട്ടം എന്നീ നിയോജകമണ്ഡലങ്ങളിൽ വ്യവ സായ പാർക്കിനാവശ്യമായ ഭൂമി ലഭിച്ചിട്ടുണ്ട്. കൂടാതെ ഉദുമ, തളിപ്പറമ്പ്, കൊയിലാണ്ടി, മഞ്ചേരി, ഒറ്റപ്പാലം, ബാലുശ്ശേരി, നാട്ടിക. അഴീക്കോട്, വടക്കാ ഞ്ചേരി, കുന്ദംകുളം, ചേലക്കര, വടക്കൻ പറവൂർ, ഉടുമ്പൻചോല, ദേവികുളം, ആറൻമുള, കോന്നി, വാമനപുരം, ചടയമംഗലം, കിളിമാനൂർ, വർക്കല, നെടുമ ങ്ങാട്, തിരുവനന്തപുരം (നോർത്ത്), നേമം, കോവളം എന്നീ മണ്ഡലങ്ങളിൽ ആവശ്യമായ ഭൂമി കണ്ടെത്തിയിട്ടുണ്ട്.

(സി) സ്വീകരിക്കുന്നതാണ്.

(ഡി) പ്രാദേശികമായി വിജയസാദ്ധ്യതയുള്ളതും സംരംഭകർക്ക് താല്പര്യമുള്ളതുമായ വ്യവസായങ്ങളാണ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത്.

(ഇ) ഇക്കാര്യം പരിഗണിക്കുന്നതാണ്.

6 (508) വ്യവസായ വികസനം

ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവ സായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വ്യവസായ വികസനത്തിനായി ഈ സർക്കാർ എന്തെങ്കിലും പദ്ധതികൾ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) കേരളത്തിൽ വ്യവസായവികസനത്തിനായി സർക്കാർ ചെയ്തു വരുന്ന സഹായങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര വൻകിട വ്യവസായങ്ങൾ ആരംഭിക്കുവാൻ സാധിച്ചു; അവ ഏതെല്ലാ മെന്ന് അറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly